(സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55 വയസ്സിനും മദ്ധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സു കഴിഞ്ഞ അവിവാഹിതർ ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗ-പക്ഷിപരിപാലനം, ചെറുകിട ബിസിനസ്, നാടൻ പലഹാരം, കട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയകരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നു.

തൊഴിൽ പരിശീലന പദ്ധതികൾ

256(2725) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് കാർഷിക-ആരോഗ്യ-വ്യാവസായിക മേഖലയിൽ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകകയും ചെയ്തു. വിജയകരമായി ലൈസൻസിംഗ് എക്സാം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉയർന്ന ശമ്പളത്തോടുകൂടി ജോലി ഉറപ്പാക്കിയിട്ടുണ്ട്. ഓയിൽ&റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഇൻ ഓയിൽ&റിഗ് (ESPIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ KASE-ന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു:

1. കെസ്റു 99 കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്-1999 (KESRU 99) പദ്ധതി.
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്
3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), ഇന്റർനാഷണൽ സ്കിൽ ടെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (ISTEP) എന്ന പദ്ധതിയുടെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ITI-കളിൽ Entrepreneurs Development Programme എന്ന പേരിൽ ഒരു പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള Create എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി (Entrepreneurs Development Programme) നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ സ്വന്തമായി ബിസിനസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും മികച്ച ബിസിനസ് ആശയങ്ങൾക്ക് മൂലധനം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു.

1. "കെസ്റു 99" കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് -1999 (KESRU 99) പദ്ധതി.
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്
3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി.